**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *522** | **20.11.2019- ൽ മറുപടിക്ക്**

## ദേശീയ വേതന നിയമഭേദഗതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>,, മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, സി.മമ്മൂട്ടി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) മിനിമം വേതനത്തിന് താഴെ അടിസ്ഥാന വേതനം (ഫ്ളോർ വേജ്) എന്ന തട്ട് കൂടി ഉൾപ്പെടുത്തി ദേശീയ വേതന നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര തൊഴിൽ മന്ത്രാലയം നടപടി സ്വീകരിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇപ്രകാരം മിനിമം വേതനത്തിന് താഴെ ഒരു തലം കൂടി ഉൾപ്പെടുത്തുന്നതുവഴി ശമ്പളം കുറയാൻ ഇടയാകുമെന്ന തൊഴിലാളികളുടെ ആശങ്കകൾ വിലയിരുത്തി വകുപ്പ് എന്തെങ്കിലും തുടർനടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (ബി) തൊഴിലാളിയുടെ മിനിമം ജീവിതനിലവാരം അനുസരിച്ചും ഭൂമിശാസ്ത്രപരമായി വ്യത്യസ്ത മേഖലകൾക്കു വേണ്ടിയും പ്രത്യേകം ഫ്ളോർ വേജസ് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്നതാണെന്ന് 2019-ലെ കോഡ് ഓൺ വേജസ് നിയമത്തിലെ വകുപ്പ് 9 വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ഫ്ളോർ വേജിന് താഴെ മിനിമം വേതനം നിശ്ചയിക്കാൻ പാടില്ലെന്നും നിലവിൽ ഫ്ളോർ വേജിനെക്കാൾ കൂടുതൽ മിനിമം വേതനം നല്കി വരുന്നുണ്ടെങ്കിൽ ആയത് കുറയ്ക്കാൻ പാടില്ലായെന്നും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഫ്ളോർ വേജസ് നിശ്ചയിക്കുന്നതിന് മുൻപായി സംസ്ഥാന ഗവൺമെന്റുകളുമായി കൂടിയാലോചിക്കണമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മെച്ചപ്പെട്ട വേതന നിരക്കുകൾ നിലവിലുള്ളതിനാൽ ഈ വ്യവസ്ഥ സംസ്ഥാനത്തെ തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ